# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം –2967 20.03.2015- ൽ മറുപടിക്ക്

## കോഴിക്കോട് രാമനാട്ടുകര ബൈപ്പാസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.എ. റഹീം | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് രാമനാട്ടുകര ബൈപ്പാസിലെ അറപ്പുഴ പാലത്തിന്റെ ടോൾ പിരിവ് നിർത്തലാക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) കേന്ദ്രസർക്കാരിന്റെ 17.02.2015-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം 02.03.2015 അർദ്ധരാത്രി മുതൽ രാമനാട്ടുകര ബൈപ്പാസിലെ അറപ്പുഴ പാലത്തിന്റെ ടോൾ പിരിവ് നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) പാലത്തിന്റെ നിർമ്മാണത്തിന് ചെലവായതിലും അധികതുക പിരിച്ചെടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (ബി) കേന്ദ്രസർക്കാരിന്റെ ടോൾ നിയമമനുസരിച്ചാണ് ദേശീയപാതയിലെ പാലങ്ങളിൽ ടോൾ പിരിക്കുന്നത്. നിർമ്മാണ ചെലവും അതിന്റെ പലിശയും അറ്റകുറ്റപ്പണി നടത്തി പരിപാലിക്കുന്നതിന്റെ ചെലവും ടോൾ പിരിക്കുന്നതിന് ചെലവു വരുന്ന തുകയും ഉൾപ്പെടെ ടോൾ പിരിക്കുവാൻ നിയമം അനുവദിക്കുന്നുണ്ട്. നിർമ്മാണ ചെലവ് മുഴുവൻ പിരിഞ്ഞുകിട്ടിക്കഴിഞ്ഞാൽ ടോൾ ഫീയുടെ 40% ഇളവു വരുത്തി ടോൾ പിരിവ് നിരന്തരം (perpetual) തുടരാവുന്നതാണ്. |
| (സി) 2014-15 കാലയളവിൽ എത്ര തുകയാണ് ടോൾ ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) 2014 -15 കാലയളവിൽ 2,81,20,000/- രൂപ(രണ്ട് കോടി എൺപത്തൊന്നു ലക്ഷത്തി ഇരുപതിനായിരം രൂപ)യാണ് പിരിച്ചത്. |

സെക്ഷൻ ഓഫീസർ